"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തലശ്ശേരി നഗരസഭ - 2008-09 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.16 - തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.305/13/തസ്വഭവ. തിരുവനന്തപുരം,തീയതി: 04/02/2013

പരാമർശം:- 1) സർക്കാർ ഉത്തരവ് (സാ.ധാ) 1269/2010/തസ്വഭവ തീയതി 08/04/2012.

2) 24/09/2012-ലെ തലശ്ശേരി മുനിസിപ്പൽ സെക്രട്ടറിയുടെ പി2-67/09-ാം നമ്പർ കത്ത്.

3) 19/12/2012-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ LF-22263/ML3/12-ാം നമ്പർ കത്ത്.

## ഉത്തരവ്

തലശ്ശേരി നഗരസഭയുടെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-16 പ്രകാരം 4 വിദ്യാലയങ്ങളിലെ പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക് പോഷകാഹാര വിതരണം ചെയ്തതിന് 45,084/- രൂപ ചെലവഴിച്ചത് 10/11/2008-ലെ 71413/ഡിബി2/08/തസ്വഭവ നമ്പർ സർക്കുലറിന് വിരുദ്ധമായതിനാൽ നിരാകരിച്ചിരുന്നു.

സദുദ്ദേശത്തോടെ നടപ്പിലാക്കിയ പ്രവൃത്തി ആയതിനാൽ ആഡിറ്റ് തടസ്സം ഒഴിവാക്കിത്തരണമെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 16/08/2012-ലെ നഗരസഭാ കൗൺസിലിന്റെ 44-ാം നമ്പർ തീരുമാനം നഗരസഭാ സെക്രട്ടറി പരാമർശം 2 പ്രകാരം സർക്കാരിൽ അപേക്ഷിച്ചിട്ടുണ്ട്.

പരാമർശം 3 പ്രകാരമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ 10/11/2008 വരെ ഇപ്രകാരമുള്ള ചെലവുകൾക്ക് സർക്കാർ സാധൂകരണം നൽകിയതിനാലും പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ സ്കൂളുകളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളുകൾ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ശിശു മന്ദിരങ്ങൾ എന്നിവിടങ്ങളിലെ കുട്ടികൾക്ക് പോഷകാഹാരങ്ങൾ നൽകുന്നതിനുള്ള

പി.ടി.ഒ

പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നതിനാലും തലശ്ശേരി നഗരസഭയുടെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-16 പ്രകാരം സർക്കാർ ഉത്തരവ് മറികടന്ന് തുക ചെലവഴിച്ചതിന് സർക്കാർ തലത്തിൽ സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി നഗരസഭയുടെ 2008-09 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-16 പ്രകാരം തടസ്സപ്പെടുത്തിയ പ്രീ-പ്രൈമറി പോഷകാഹാരം എന്ന പ്രോജക്ടിന് വികസന ഫണ്ടിൽ നിന്നും 45,084/- രൂപ (നാല്പത്തി അഞ്ചായിരത്തി എൺപത്തി നാല് രൂപ മാത്രം) ചെലവഴിച്ച തലശ്ശേരി നഗരസഭാ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തലശ്ശേരി നഗരസഭ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ